"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ല കുറ്റിക്കോൽ വില്ലേജിൽ റീസ.നം 109/32-ൽ പെട്ടതും വിമുക്തഭടനായ കെ.ടി. നാരായണൻ (Late) പേരിൽ പതിവ് ഉത്തരവ് നൽകിയതുമായ 2.73 ഏക്കർ ഭൂമിയുടെ പതിവ് തുക ഒടുക്കുന്നതിൽ വന്ന കാലതാമസം, 1964ലെ കേരളഭൂമി പതിവ് ചട്ടങ്ങളിലെ, ചട്ടം 9(7) പ്രകാരം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.2901/2025/RD തീയതി,തിരുവനന്തപുരം, 27-12-2025

പരാമർശം:-

1. ശ്രീമതി.എം.പി.ലക്ഷ്മിക്കുട്ടി, w/o Late കെ.ടി. നാരായണൻ സമർപ്പിച്ച 16/02/2017-ലെ അപേക്ഷ.
2. കാസർഗോഡ് ജില്ലാ കളക്ടറുടെ 03/03/2022-ലെ DCKSGD/12887/2019-C3 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 26/07/2025-ലെ LR/10760/2022-LR(J10) നമ്പർ കത്ത്.

**ഉത്തരവ്**

വിമുക്തഭടനായ ശ്രീ.കെ.ടി.നാരായണൻ എന്ന കക്ഷിക്ക് കുറ്റിക്കോൽ വില്ലേജിൽ റീ.സ. 109/32-ൽപ്പെട്ട 2.73 ഏക്കർ ഭൂമിക്ക് 07.03.1987-ന് പതിവ് ഉത്തരവ് അനുവദിച്ചിരുന്നു. പതിവ് കക്ഷി 16/12/2016-ന് മരണപ്പെട്ടിട്ടുള്ളതാണെന്നും പതിവ് തുക ഒടുക്കുന്നതിൽ വന്ന കാലതാമസം മാപ്പാക്കി ടി തുക ഒടുക്കുന്നതിനും, പട്ടയം അനുവദിച്ചും ഉത്തരവുണ്ടാകണമെന്നും പതിവു കക്ഷിയുടെ ഭാര്യ ശ്രീമതി എം.പി.ലക്ഷ്മിക്കുട്ടി കാസർഗോഡ് ജില്ലാ കലക്ടർ മുൻപാകെ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പതിവ് കക്ഷി അസുഖബാധിതനായി കിടപ്പിലായതിനാൽ പതിവ് തുക യഥാസമയം ഒടുക്കുവരുത്തുവാൻ ആയില്ലെന്നു ഭാര്യ ലക്ഷ്മിക്കുട്ടി 5/11/2020-ന് കാസർഗോഡ് താലൂക്ക് ഓഫീസിൽ നടന്ന ഹിയറിംഗിൽ ബോധിപ്പിച്ചിരുന്നു.

2) പതിവ് കക്ഷിയായ ശ്രീ. കെ.ടി.നാരായണന്റെ പേരിലുണ്ടായിരുന്ന 0.0230 ഹെക്ടർ (5.6834 സെന്റ്) ഭൂമി നിലവിൽ അനന്തരാവകാശികളാണ് കൈവശം വെച്ച് വരുന്നതെന്നും, മറ്റ് ഭൂമികളില്ലെന്നും പരാമർശം (2) പ്രകാരം കാസർഗോഡ് ജില്ലാ കളക്ടറും, പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിമുക്തഭടനായ ശ്രീ.കെ.ടി. നാരായണൻ എന്നവർക്ക് പതിവ് ഉത്തരവ് നൽകിയ, കുറ്റിക്കോൽ വില്ലേജിൽ റീ.സ. 109/32 ൽപ്പെട്ട ഭൂമി കുറ്റിക്കോൽ-ബേത്തൂർപ്പാറ-കാസർഗോഡ് PWD റോഡിന് കിഴക്ക ഭാഗത്തായി സ്ഥിതി ചെയ്യുന്നതായും, ടി ഭൂമിക്ക് സമീപത്തായി എട്ടോളം കുടുംബങ്ങൾ താമസിച്ചു വരുന്നതായും ടി ഭൂമി പാറഖനനത്തിന് ഉചിതമല്ലെന്ന് സ്ഥലപരിശോധനയിലും അന്വേഷണത്തിലും ബോധ്യപ്പെട്ടതായും അറിയിച്ചിട്ടുണ്ട്. കൂടാതെ, ടി ഭൂമിക്ക് നാളിതുവരെ ഭൂനികുതി ഒടുക്കിയിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) 7/3/1987ലെ പതിവ് ഉത്തരവ് പ്രകാരമുള്ള തുക ഒടുക്കുന്നതിന് വന്ന നാളിതുവരെയുള്ള കാലതാമസം 38 വർഷമാണ്. 1964ലെ കേരളഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 9(7) പ്രകാരം പതിവ് തുക ഒടുക്കുന്നതിലെ കാലതാമസം 5 വർഷത്തിലേറെയാണെങ്കിൽ ടി കുടിശ്ശിക ഒടുക്കുന്നതിനായി സർക്കാർ ഉത്തരവ് ആവശ്യമാണ്. ടി സാഹചര്യത്തിൽ, പതിവ് കക്ഷിയായ ശ്രീ.കെ.ടി.നാരായണൻ മരണപ്പെട്ടതിനാൽ, ടിയാന്റെ അനന്തരാവകാശികൾക്ക് പട്ടയം അനുവദിക്കുന്നതിലേക്കായി ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും പതിവ് തുക അടയ്ക്കുന്നതിലെ കാലതാമസം 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 9(7) പ്രകാരം പരിഗണിക്കാവുന്നതാണെന്ന് ലാൻഡ് റവന്യു കമ്മീഷണർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുള്ളതുമാണ്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ കുറ്റിക്കോൽ വില്ലേജിൽ റീ.സ.നം.109/32-ൽ പെട്ടതും വിമുക്തഭടനായ ശ്രീ.കെ.ടി. നാരായണന് പതിവ് ഉത്തരവ് നൽകിയതുമായ 2.73 ഏക്കർ ഭൂമിയുടെ പതിവ് തുക ഒടുക്കുന്നതിൽ വന്ന കാലതാമസം 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 9(7) പ്രകാരം മാപ്പാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം മുഴുവൻ കുടിശ്ശികയും ഭൂമിവിലയുടെ 12%-ഉം അപേക്ഷക ഒറ്റത്തവണയായി അടയ്ക്കേണ്ടതാണ്.

5) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ് (പട്ടയ ഫയൽ നം.LA.97/84/കുറ്റിക്കോൽ സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
തഹസിൽദാർ, കാസർഗോഡ്.
ശ്രീമതി. എം.പി ലക്ഷ്മിക്കുട്ടി , W/o (Late) കെ.ടി നാരായണൻ, കോറോത്ത് തെക്കേവീട്ടിൽ, അന്നൂർ പി.ഒ, പയ്യന്നൂർ.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Kumari Sindhu S
സെക്ഷൻ ഓഫീസർ.
Date: 30-12-2025 11:00:51

പകർപ്പ് : ബഹു.റവന്യൂ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സെക്രട്ടറിയുടെ പി എ യ്ക്ക്